1,19,48,000 രൂപയുടെ നഷ്ടം കാർഷികമേഖലയ്ക്ക് ഉണ്ടായിട്ടുണ്ട്. അത് ഉടൻതന്നെ നിയമാനുസൃതമായ മാനദണ്ഡങ്ങളനുസരിച്ച് കാർഷികമേഖലയ്ക്ക് നൽകും. റോഡുകൾക്ക് ഒരു കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ 60,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിനൊക്കെ നിയമ പ്രകാരമുള്ള നഷ്ടപരിഹാരം ഉടൻതന്നെ എത്തിക്കാൻ ശ്രദ്ധിക്കാം.

(6) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതിന്റെ ആനുകൂല്യം ലഭിക്കാത്തതും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഉദ്യോഗസ്ഥ പുനർവിന്യാസം മൂലം നിയമനനിരോധനം ഉണ്ടായിരിക്കുന്ന കാരണത്തിന്റെ പേരിൽ പി.എസ്.സി.-യുടെ ലിസ്റ്റിന്റെ കാലാവധി നീട്ടാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് നാനൂറോളം ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ട്. അത് പി.എസ്.സി. അനുകൂലിക്കാത്തതുകൊണ്ട് ഉദ്യോഗാർത്ഥികൾ എല്ലാവരും ഇന്ന് ഒന്നുമില്ലാത്ത അവസ്ഥയിൽ എത്തിയിരിക്കുകയാണ്. പല ലിസ്റ്റുകളും—വനിതാ പോലീസ് റാങ്ക് ലിസ്റ്റ് അടക്കമുള്ള ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ ഉദ്ദേശിച്ചു. ഡിസംബർ 31-ന് തീരുന്ന കാലാവധി ജൂൺ 30 വരെ ഉണ്ടായിരുന്നതാണ്. പക്ഷെ ഫെബ്രുവരി 4-ാം തീയതി കാലാവധി തീർന്നു എണാണ് പി.എസ്.സി. അറിയിച്ചിരിക്കുന്നത്. ഇത് വളരെ വ്യാപകമായി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കടുത്ത വേദന ഉണ്ടാക്കിയിട്ടുണ്ട്. പുതിയ ലിസ്റ്റ് വരുമ്പോൾ രണ്ട്, മൂന്ന്, നാല് കൊല്ലം കഴിയും. ഇപ്പോൾ ഒഴിവുകൾ നികത്താതെ കിടക്കുകയും ചെയ്യുന്നു. ഇത് ഫലത്തിൽ ചെറുപ്പക്കാരോട് ചെയ്യുന്ന കടുത്ത ക്രൂരതയാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല എന്നാണ് പരക്കെയുള്ള ആക്ഷേപം. പലപ്രാവശ്യം നിയമസഭയിൽ ചർച്ച ചെയ്തതാണ്. ബന്ധപ്പെട്ട വകുപ്പു തലവൻമാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥ വരുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അങ്ങയോടും ഞാൻ പറയുന്നത് ഇതിനൊരു കമ്മിറ്റി വേണം. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കുന്ന കാര്യം മന്ത്രി ശ്രദ്ധിക്കണം. കേരളത്തിലെ ചെറുപ്പക്കാരെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നം തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കേഴുന്ന അനേകലക്ഷം ചെറുപ്പക്കാരുടെ നാട്ടിൽ അവർക്ക് ചെറിയ ആശ്വാസം കൊടുക്കാൻ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്തി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഗവൺമെന്റിന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ മുൻ ഗവൺമെന്റിന്റെ കാലം മുതൽ നിയമനനിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് നിയമനനിരോധനം പൂർണ്ണമായും എടുത്തു കളഞ്ഞിരിക്കുകയാണ്. നിയമനനിരോധനം നിലവിലിരുന്ന കാലഘട്ടത്തിൽ പല ലിസ്റ്റിന്റേയും കാലാവധി കഴിഞ്ഞ അവസരത്തിൽ ഗവൺമെന്റ് ഉദ്യോഗാർത്ഥികളുടേതല്ലാത്ത കുറ്റത്തിന് നിയമനം നീണ്ടുപോയതിനാൽ ഉദ്യോഗാർത്ഥികളെ ശിക്ഷിക്കാതിരിക്കാൻവേണ്ടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചു. ചില ലിസ്റ്റിന്റെ കാര്യത്തിൽ പി.എസ്.സി. സഹായകരമായ നിലപാടല്ല സ്വീകരിച്ചത്. ഗവൺമെന്റിന് ഇക്കാര്യത്തിൽ പി.എസ്.സി.-യോട് അഭ്യർത്ഥിക്കാൻ മാത്രമേ സാധിക്കൂ. അവസാന തീരുമാനം എടുക്കേണ്ടത് പി.എസ്.സി.-യാണ്. ഇനി മുതൽ നിയമനം ഒട്ടും വൈകാതിരിക്കാനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്ത ഉടൻതന്നെ അഡ്വൈസ് മേടിക്കാനും വേക്കൻസിയുള്ള എല്ലാ പോസ്റ്റിലേക്കും നിയമനം നടത്തുവാനും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കാം. ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു നടപടിക്രമം തയ്യാറാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കാം. ഞാൻ തന്നെ ഈ സമ്മേളനത്തിനിടയ്ക്കോ അല്ലെങ്കിൽ അതു കഴിഞ്ഞോ ഉടൻതന്നെ ഇതു സംബന്ധിച്ച് റിവ്യൂ നടത്താൻ ആവശ്യപ്പെടുന്നതാണ്.

V. അറിയിപ്പ്

ശ്രീ. വി. ബാലറാം എം.എൽ.എ. സ്ഥാനം രാജിവച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. വി. ബാലറാം 2004 ഫെബ്രുവരി 20-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

VI. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ പി. ജെ. ജോയി, ജോണി നെല്ലൂർ, വി. കെ. ചന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ 11-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly